രാജ്യത്തിനകത്ത് സാധനവിലകൾ കുതിച്ചു കയറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആണ്ടിൽ പറഞ്ഞു കേട്ടത് വിലകൾ നിയന്ത്രണവിധേയങ്ങളായിട്ടുണ്ടെന്നാണ്. എന്നാൽ, 1984 ജനുവരിയിൽ, സാധനവിലകൾ 10.7 ശതമാനം വർദ്ധിച്ചതായി സാമ്പത്തികസർവേക്ഷണം വെളിപ്പെടുത്തുന്നു. യഥാർത്ഥത്തിലുള്ള വിലവർദ്ധന ഇതിലുമധികമാണ്. പൈസ നമ്മുടെ നിത്യവ്യവഹാരത്തിൽനിന്നു പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. അമ്പതു പൈസയ്ക്കു താഴെയുള്ള തുക ഉപേക്ഷിക്കാനും, അതിനു മീതെ ഒരു രൂപവരെയുള്ള തുക ഒരു രൂപയായി കണക്കാക്കാനും റെയിൽവേ ബജററിൽ നിർദേശമുണ്ട്. പൊതുവേ മാർക്കററിൽ നിലവിലുള്ള പ്രവണതയാണ് ഇതു കാണിക്കുന്നത്. പൈസയുടെ വില ഇല്ലാതായിരിക്കുന്നു. അഥവാ രൂപയ്ക്കു പൈസയുടെ വിലയേ ഉള്ളു എന്നായിരിക്കുന്നു. ഇന്തോനേഷ്യയിൽ മുമ്പത്തെ ഒരു പൈസയുടെ വിലയേ ഇന്ന് ഒരു രൂപയ്ക്കുള്ളു (ഒരു ഡോളർ—സമം—ആയിരം ഇന്തോനേഷ്യൻ രൂപ). ഇന്ത്യയിലും ഈ നില വന്നുചേർന്നു കൂടായ്കയില്ല.

സർക്കാരിന്റെ ചെലവുകൾ വർദ്ധിച്ചുവരുകയാണ്. കൂടുതൽ നികുതി പിരിച്ചു കൂടുതൽ ചെലവു നടത്തിക്കൊണ്ടുപോകാനുള്ള സാദ്ധ്യത ഇന്ത്യയിൽ കുറവാണ്. ഇപ്പോൾത്തന്നെ ലോകത്തിൽ ഏററവുമധികം ഉയർന്ന നികുതിനിരക്കാണ് ഇന്ത്യയിലുള്ളത്. നേരിട്ടു നികുതി ചുമത്തുന്നതു കഴിയുന്നതും കുറച്ച്,വില്പന നികുതി മുതലായ, നേരിട്ടല്ലാതെയുള്ള, നികുതികൾ ചുമത്തി നികുതിഭാരം പണക്കാരുടെ ചുമലുകളിൽനിന്ന് പാവങ്ങളുടെ ചുമലിലേക്കു കൂടുതൽ കൂടുതൽ മാററിക്കൊണ്ടിരിക്കുകയാണു നമ്മുടെ ഗവണ്മെൻറുകൾ. ഈ സമ്പ്രദായം തുടരാനാണു സാദ്ധ്യത. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ പലപ്പോഴും വമ്പിച്ച മുതൽ മുടക്കി നഷ്ടം ഉണ്ടാക്കുകയാണുചെയ്യുന്നത്. റെയിൽവെ ഒരു ഉദാഹരണം. ഇതേ സമയം, യന്ത്രസാമഗ്രികളും പാതകളും മററും നവീകരിക്കപ്പെടുന്നുമില്ല. ഇതിന്റെയെല്ലാം ഫലമായി പൊതുമേഖല കൂടുതൽ കൂടുതൽ രാഷ്ട്രത്തിനു ഭാരമായിക്കൊണ്ടിരിക്കുന്നു. നികുതിവെട്ടിപ്പുകാരെ പിടികൂടുന്നതിൽ സർക്കാർ വിമുഖമോ, അസമർത്ഥമോ ആണ്. ഇന്ത്യൻ സമ്പദ്ഘടനയിൽ എൺപതു ശതമാനത്തോളം കള്ളപ്പണമാണ് ഒഴുകുന്നതെന്നു പറയപ്പെടുന്നു.

ചുരുക്കത്തിൽ, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഇപ്പോഴും, മഴയെ ആശ്രയിച്ചു നിലകൊള്ളുന്ന ഒരു ദുർബല—കാർഷിക സമ്പദ്‌വ്യവസ്ഥയാണ്.

ചാരിത്രനിഷ്ഠയുള്ള നേതാക്കൾ, സത്യസന്ധമായ വാർത്താവിതരണം, ശക്തവും ന്യായനിഷ്ഠവുമായ ഭരണം, അച്ചടക്കമുള്ള പൗരസഞ്ചയം....ഇതൊക്കെയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്കൃഷ്ടത്തിലേക്കു നയിക്കുന്ന ഘടകങ്ങൾ. പക്ഷേ, ഇന്ത്യയിൽ ഇതെല്ലാം വിദൂര....വിദൂര....വിദൂരസ്വപ്നങ്ങൾ മാത്രം!

(29 ഫെബ്രുവരി, 1984)

## 36. ഗാന്ധിജിയുടെ ഒസ്യത്ത്

ഒക്ടോബർ രണ്ടാം തീയതി മഹാത്മാഗാന്ധിയുടെ ഒരുനൂററിപ്പതിനാലാം പിറന്നാൾ ഇന്ത്യയിലൊട്ടുക്ക് ആഘോഷിക്കപ്പെടാതിരിക്കയില്ല. ചടങ്ങുകളിൽ വീഴ്ച വരുത്തുന്നവരല്ലല്ലോ നാം.

മഹാത്മാഗാന്ധി മരിച്ചിട്ട മുപ്പത്തഞ്ചു വർഷവും എട്ടു മാസവും കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ഐതിഹാസികങ്ങളായ സമരങ്ങളിൽ പങ്കെടുത്തവരുടെ എണ്ണം ഏതാനും ആയിരങ്ങളായി ചുരുങ്ങി. അദ്ദേഹത്തെ നേരിട്ട കാണുകയോ, സൗമ്യവും കാര്യമാത്ര പ്രസക്തവും എങ്കിലും, ആവേശകരവുമായ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുകയോ ചെയ്തിട്ടുള്ളവരും നാൾക്കുനാൾ കുറഞ്ഞുവരികയാണ്. അദ്ദേഹത്തോടൊപ്പം ഏതെങ്കിലുമൊരു രംഗത്തു പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായവർ ഏറെയൊന്നും അവശേഷിച്ചിട്ടില്ല. നാല്പതു വയസ്സിൽ താഴെ പ്രായമുള്ള ഭാരതീയർ ഇന്ന് ഗാന്ധിജിയുടെ ചിത്രം മനസ്സിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ, ആ ചിത്രം ഗാന്ധിജിയുടേതെന്നതിലേറെ ബെൻ കിങ്സ്‌ലിയുടേതാവാനാണു സാദ്ധ്യത.

കാലം എല്ലാ സ്മരണകളെയും നേർപ്പിക്കുകയും, ഒടുവിൽ തീരെ തുടച്ചുമാററുകയും ചെയ്യുന്നു.

തങ്ങളുടെ ആചരണത്തിലൂടെയും പ്രവചനങ്ങളിലൂടെയും മഹാപുരുഷന്മാർ മനുഷ്യരാശിക്കു സമർപ്പിച്ച ആദർശങ്ങളെ പുനരുജ്ജീവിപ്പിക്കുകയും, മൂർത്തമായി വീണ്ടും ബഹുജനസമക്ഷം അവതരിപ്പിക്കുകയുമാണ് അവരുടെ ജനന—ചരമദിനാഘോഷങ്ങൾകൊണ്ടു നേടേണ്ട ലക്ഷ്യം. പക്ഷേ, ഈ ആഘോഷങ്ങളെ, നല്ലതോ അത്രയൊന്നും നല്ലതല്ലാത്തതോ ആയ തങ്ങളുടെ പ്രവർത്തനങ്ങൾക്കു നീതീകരണം സമ്പാദിക്കുന്നതിനുള്ള അവസരങ്ങളായി, പരേതരായ മഹാന്മാരോട് ഏതെങ്കിലും തരത്തിലുള്ള ബന്ധം അവകാശപ്പെടുന്ന വ്യക്തികളും സംഘടനകളും ഉപയോഗപ്പെടുത്തുകയെന്നതു് അസാധാരണമല്ല.

ജീവിച്ചിരിക്കെ മഹാത്മാഗാന്ധി ഇന്ത്യയിലെ ദരിദ്രനാരായണന്മാർക്ക് അഭിഗമ്യനായിരുന്നു; അതേസമയം, അടുത്ത അനുയായികൾക്ക് അധൃഷ്യനമായിരുന്നു. ബഹുജനങ്ങളുടെ ഏതു് അപരാധവും പൊറുത്തുകൊടുത്തിരുന്ന ഗാന്ധിജി അനുയായികളുടെ നിസ്സാരങ്ങളായ വീഴ്ചകൾക്കുപോലും കടുത്ത ശിക്ഷകൾ നൽകി. അതിനാൽ ഗാന്ധിജിയുടെപേരിൽ താന്തോന്നിത്തം കാട്ടാൻ അദ്ദേഹം ജീവിച്ചിരിക്കെ അദ്ദേഹത്തിന്റെ അനുചരന്മാർക്കു ധൈര്യമുണ്ടായിരുന്നില്ല.

മരിച്ചുപോയ ഒരാളിൽനിന്ന്, അദ്ദേഹം മഹാത്മാഗാന്ധിയാണെങ്കിൽത്തന്നെ, അത്തരമൊരു പെരുമാററം അനുയായികൾ നേരിടേണ്ടിവരികയില്ലെന്നു് ഉറപ്പാണല്ലോ. ഇന്ത്യയിലെ വളരെയധികം രാഷ്ട്രീയകക്ഷികളും അവയുടെ നേതാക്കന്മാരും ഗാന്ധിജിയുടെ പൈതൃകം അവകാശപ്പെടുന്നുണ്ട്. അധികാരത്തിൽ തുടരാനും, തുടരുന്നവരെ നിഷ്കാസനം ചെയ്ത് അവരുടെ സ്ഥാനങ്ങളിൽ കയറിപ്പററാനും ഈ കക്ഷികളും അവയുടെ നേതാക്കളും ചെയ്യുന്ന പ്രവൃത്തികൾക്ക് ഗാന്ധിജിയുടെ പേരിൽ അവർ നീതീകരണം തേടുകയെന്നതു സ്വാഭാവികം മാത്രം.

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് മഹാത്മാഗാന്ധി പ്രസ്താവിച്ചിട്ടുണ്ട്. ആ ജീവിതമാണെങ്കിൽ ഏറെക്കുറെ ഒരു തുറന്ന പുസ്തകമായിരുന്നുതാനും. മഹാത്മാഗാന്ധിയുടെ ജീവിതം പ്രത്യേകിച്ച്, തെക്കേ ആഫ്രിക്കയിൽനിന്ന് ഇന്ത്യയിലെത്തിയതിനു ശേഷമുള്ള അദ്ദേഹത്തിന്റെ ദൈനംദിനജീവിതം, ഏതാണ്ടു സമഗ്രമായിത്തന്നെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അതിനാൽ, ഇന്നു നമ്മെ അലട്ടുന്ന പല പ്രശ്നങ്ങളിലും ഗാന്ധിജി കൈക്കൊണ്ടതോ, കൈക്കൊള്ളുമായിരുന്നതോ ആയ നിലപാട് എന്തു് എന്നു നിർണയിക്കുക പ്രയാസകരമല്ല. ഗാന്ധിജിയുടെ ലേഖനങ്ങളുടെ സമാഹാരങ്ങളും, പുസ്തകങ്ങളും, ഗാന്ധിജിയെപ്പററി മററുള്ളവർ എഴുതിയ ഗ്രന്ഥങ്ങളും ഈ വിഷയത്തിൽ വേണ്ടത്ര വെളിച്ചം നൽകുന്നു.

പക്ഷേ, അത്രയും ബുദ്ധിമുട്ടാൻ ആർക്കുണ്ടു സാവകാശം? അതിൻെറ ആവശ്യംതന്നെ എന്തു്?

അതിനാൽ ഗാന്ധിജിയുടെ പേരിൽ ഇവിടെ എന്തും നടക്കുന്നു. ഭരിക്കുന്നവർ ഗാന്ധിജിയെപ്പിടിച്ചു് ആണയിടുമ്പോൾ, അവരെ സ്ഥാന ഭ്രഷ്ടരാക്കി, അവരുടെ സ്ഥാനങ്ങളിൽ സ്വയം കയറിയിരിക്കാൻ വെമ്പൽ കൊള്ളുന്നവരുടെ കൊടിയടയാളവും ഗാന്ധിജിതന്നെ.

1948 ജനുവരി 30-ാം തീയതി ഗോഡ്സേയുടെ തോക്കിൽനിന്നു് ഉതിർന്ന മൂന്നു വെടിയുണ്ടകൾ ഏററു നിലംപതിക്കുമ്പോൾ മഹാത്മാഗാന്ധിയുടെ ഹൃദയത്തെ മഥിച്ചിരുന്ന ചിന്തകളിലൊന്നു്, ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന സംഘടന സ്വതന്ത്രേന്ത്യയിൽ നിർവ്വഹിക്കേണ്ട ഭൂമിക (റോൾ) എന്തു് എന്നതായിരുന്നു.

മരിക്കുന്നതിനു മൂന്നു ദിവസംമുമ്പു്, ജനുവരി 27-ാം തീയതി, 'കോൺഗ്രസ്സിൻെറ നില' എന്ന ഒരു ലേഖനം മഹാത്മാഗാന്ധി എഴുതി. അതിൽ അദ്ദേഹം പറഞ്ഞു:

'അഹിംസാത്മകമായി നടത്തിയ പല സമരങ്ങളിലൂടെ സ്വാതന്ത്ര്യം നേടിയതും ഇന്ത്യയിലെ ഏററവും പഴക്കംചെന്ന ദേശീയ രാഷ്ട്രീയ സ്ഥാപനവുമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് മരിച്ചുകൂടാ, അതു മരിക്കുകയെന്നതിനർത്ഥം രാഷ്ട്രം മരിക്കുകയെന്നാണു്. പക്ഷേ, ജീവനുള്ള എന്തും വളർന്നുകൊണ്ടിരിക്കണം; വളരാതിരുന്നാൽ എന്തും മരിച്ചുപോകും.

'കോൺഗ്രസ് രാഷ്ട്രീയസ്വാതന്ത്ര്യം നേടിക്കഴിഞ്ഞു. എന്നാൽ, സാമ്പത്തികസ്വാതന്ത്ര്യമോ, സാമൂഹ്യസ്വാതന്ത്ര്യമോ, ധാർമികസ്വാതന്ത്ര്യമോ കോൺഗ്രസ് നേടിയിട്ടില്ല. രചനാത്മകങ്ങളും, പ്രദർശനപരത കുറഞ്ഞവയും, ബഹുജനങ്ങൾക്കു് ആവേശം ഉളവാക്കാത്തവയും, അക്കാരണത്താൽത്തന്നെ നേടുന്നതിനു് രാഷ്ട്രീയസ്വാതന്ത്ര്യത്തെക്കാളേറെ അദ്ധ്വാനം ആവശ്യപ്പെടുന്നവയുമാണു് ഈ സ്വാതന്ത്ര്യങ്ങൾ.

'ജനകോടികളുടെ എല്ലാ ഘടകങ്ങളുടെയും കർമശേഷിയെ സർവ്വാശ്ലേഷകമായ രചനാത്മകപരിപാടി ഉത്തേജിപ്പിക്കുന്നു.

'സ്വാതന്ത്ര്യമെന്ന അനുപേക്ഷണീയമായ പ്രാഥമികോപാധി കോൺഗ്രസ്സിനു കൈവന്നുകഴിഞ്ഞു. പക്ഷേ, ഏററവും പ്രയാസമേറിയ ലക്ഷ്യം ഇനി നേരിടാനിരിക്കുന്നതേയുള്ളു. ജനാധിപത്യത്തിലേക്കുള്ള പ്രയാസമേറിയ കയററത്തിൽ കോൺഗ്രസ് അനിവാര്യമായും ചീഞ്ഞളിഞ്ഞ നിയോജകമണ്ഡലങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. അഴിമതിക്കും, പേരിൽ മാത്രം ജനകീയങ്ങളും ജനാധിപത്യങ്ങളുമായ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനു കാരണമായിട്ടുമുണ്ടു് ഇതു്. എത്തും പിടിയും കിട്ടാത്ത ഈ കളകളുടെ വളർച്ചയിൽനിന്നു പുറത്തു കടക്കാൻ എന്താണു് മാർഗം?

'കോൺഗ്രസ് അതിൻെറ മെംബർമാരുടെ (ഇപ്പോഴുള്ള) പ്രത്യേക രജിസ്റ്റർ കീറിക്കളയണം. ഈ മെംബർമാരുടെ എണ്ണം ഒരിക്കലും ഒരു കോടിയിൽ അധികമായിരുന്നിട്ടില്ല. അവരെത്തന്നെ തിരിച്ചറിയാനും പ്രയാസം. പക്ഷേ, കോൺഗ്രസ്സിനു ജനകോടികളുടെ അജ്ഞാതമായ ഒരു രജിസ്റ്റർ ഉണ്ടായിരുന്നു. എങ്കിലും ഈ അംഗങ്ങളെ ആരും ആവശ്യപ്പെടുകയുണ്ടായില്ല. ഇനിമേൽ കോൺഗ്രസ്സിലെ അംഗങ്ങളുടെ രജിസ്റ്റർ, രാജ്യത്തെ വോട്ടർ പട്ടികയിലുള്ള എല്ലാ സ്ത്രീപുരുഷന്മാരുടെയും പേരുകൾ ഉൾക്കൊള്ളുമാറു വിപുലമാകണം. (വോട്ടർപട്ടികയിൽ) കള്ളപ്പേരുകൾ കടക്കാതെ നോക്കുകയും, ശരിയായ പേരുകൾ ഒന്നും വിട്ടുപോകുന്നില്ലെന്നു് ഉറപ്പു വരുത്തുകയുമാകണം കോൺഗ്രസ്സിൻെറ ചുമതല.

'(കോൺഗ്രസ് പാർട്ടിയുടെ) സ്വന്തം രജിസ്റ്ററിൽ, രാഷ്ട്രസേവകരുടെ ഒരു സംഘമാണ് ഉണ്ടായിരിക്കേണ്ടതു്. അതാതു കാലത്തു് തങ്ങളിൽ നിക്ഷിപ്തമായ പ്രവൃത്തി ചെയ്തുതീർക്കുന്ന പ്രവർത്തകരാവണം ഈ രാഷ്ട്രസേവകർ.

'നിർഭാഗ്യവശാൽ തുടക്കത്തിൽ ഇവരിലധികവും നഗരവാസികളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും. പക്ഷേ, അവരിൽ അധികംപേരെയും ഗ്രാമങ്ങൾക്കുവേണ്ടി ഗ്രാമങ്ങളിൽച്ചെന്നു വേല ചെയ്യാൻ നിയോഗിക്കണം. ക്രമേണ കൂടുതൽ ഗ്രാമീണരെ പ്രവർത്തകരുടെ കൂട്ടത്തിൽ ചേർക്കേണ്ടതുമാണ്.

'തങ്ങളുടെ ചുററുപാടുകളിൽ, നിയമപ്രകാരം വോട്ടർപട്ടികയിൽ പേരു ചേർത്തിട്ടുള്ള വോട്ടർമാരെ സേവിക്കുകയും അവർക്കിടയിൽ സേവനമനുഷ്ഠിക്കുകയുമാണ് ഈ പ്രവർത്തകർ ചെയ്യേണ്ടതു്. വോട്ടർമാരെ പല വ്യക്തികളും പാർട്ടികളും വശീകരിക്കാൻ ശ്രമിക്കട്ടെ. ഏററവും മെച്ചപ്പെട്ടവർ വിജയിക്കുകയും ചെയ്യട്ടെ. രാജ്യത്തു് കോൺഗ്രസ്സിനുണ്ടായിരുന്നതും അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുമായ അദ്വിതീയ പദവി തിരിച്ചു നേടുവാൻ ഇതല്ലാതെ കോൺഗ്രസ്സംഘടനയ്ക്കു വേറെ മാർഗമില്ല.

'ഇന്നലെക്കൂടിയും കോൺഗ്രസ്സുകാർ, സ്വയം അറിയാതെതന്നെ, രാഷ്ട്രസേവകർ, ഖുദായീഖിദ്മത്ഗാർ, അതായതു് ഈശ്വരസേവകർ, ആയിരുന്നു. കോൺഗ്രസ്സുകാർ ഇപ്പോഴും ഈശ്വരസേവകർ,ആണെന്നു്, അതിൽ കൂടുതലോ കുറവോ ആയ ഒന്നുമല്ലെന്നു്, കോൺഗ്രസ് ഇപ്പോൾ പ്രഖ്യാപിക്കട്ടെ. അധികാരത്തിനുവേണ്ടിയുള്ള ആശാസ്യമല്ലാത്ത മത്സരത്തിൽ ഇടപെട്ടാൽ, ഒരുദിവസം രാവിലെ തങ്ങൾ ഒന്നുമല്ലാതായിത്തീർന്നിരിക്കുന്നുവെന്നു് കോൺഗ്രസ്സുകാർ കാണും. കോൺഗ്രസ് മാത്രമല്ല ഇപ്പോൾ രംഗത്തിൽ ഉള്ളതു് എന്നതിനു് ഞാൻ ദൈവത്തോടു നന്ദി പറയുന്നു.'

കോൺഗ്രസ്സംഘടനയിൽ അംഗങ്ങൾ തെരഞ്ഞെടുപ്പിനു നില്ക്കുകയോ,ഭരണച്ചുമതല ഏറെറടുക്കുകയോ ചെയ്യാതെ,എല്ലാ വോട്ടർമാരും ഉൾക്കൊള്ളുന്ന ഭാരതീയ സമൂഹത്തിൽ രചനാത്മക പരിപാടിയിലൂടെ സേവനം അനുഷ്ഠിക്കണമെന്നാണ് മഹാത്മാഗാന്ധി ആഗ്രഹിച്ചതെന്നു് ഇതിൽനിന്നു വ്യക്തമാവുന്നു.

ഗാന്ധിജിയുടെ ഒരു അഭിമുഖസംഭാഷണത്തിൽ, പ്രശസ്ത പത്രലേഖകനായ വിൻസൻറ് ഷീൻ ചോദിച്ചു: 'അഹിംസയിൽ വിശ്വസിക്കുന്നവർ ഭരണത്തിൽനിന്നു വിട്ടുനിന്നാൽ, ഗവണ്മെൻറ് ബലപ്രയോഗത്തെ അടിസ്ഥാനമാക്കിയേ നടക്കൂ. അപ്പോൾ, ഇന്നത്തെ ഗവണ്മെൻറിനെ പരിവർത്തിപ്പിക്കുക എന്ന പ്രക്രിയ എങ്ങനെ സാദ്ധ്യമാവും?'

ബലപ്രയോഗം കൂടാതെ സാധാരണ നിലയിൽ, ഗവണ്മെൻറിനു പ്രവർത്തിക്കുക സാദ്ധ്യമാവില്ലെന്നു് ഗാന്ധിജി സമ്മതിച്ചു. എല്ലാ പരിസ്ഥിതികളിലും നല്ലവരായിരിക്കാനും നന്മ മാത്രം പ്രവർത്തിക്കാനും ആഗ്രഹിക്കുന്നവർ അധികാരം കൈയിലെടുക്കരുതെന്നു് ഞാൻ പറഞ്ഞിട്ടുള്ളതു് അതുകൊണ്ടാണ്.

'അപ്പോൾ ഗവണ്മെൻറുകൾ മുഴുവൻ സ്തംഭിക്കണമോ?' വിൻസൻറ് ഷീൻ ചോദിച്ചു.

'വേണ്ട. അഹിംസയിൽ വിശ്വസിക്കുന്നവർക്കു തങ്ങളുടെ ഇച്ഛാശക്തിയെ പ്രതിനിധാനംചെയ്യുന്ന ആളുകളെ ഗവണ്മെൻറിൻെറ ഭാരം നോക്കാൻ അയയ്ക്കാം. സ്വന്തം നിലയിൽ ഭരണാധികാരം ഏറെറടുക്കുന്നവർ, അധികാരത്തിൻെറ ഫലമായി, സ്വയം, ദുഷിച്ചുപോകുന്നു. പക്ഷേ, അഹിംസയിൽ വിശ്വസിക്കുന്നവരുടെ പ്രതിനിധികൾ തങ്ങളെ

അയച്ചവർക്ക് ഇഷ്ടമുള്ള കാലത്തോളം മാത്രം അധികാരം വഹിക്കുന്നു. അവർ പ്രലോഭനങ്ങൾക്ക് ഇരകളായിപ്പോയാൽ, അവരെ തിരിച്ചു വിളിക്കാമല്ലോ. ഞാൻതന്നെ ഭരിക്കാൻ പുറപ്പെട്ടാൽ, എന്നെ ആര് തിരിച്ചുവിളിക്കും?....രചനാത്മകപ്രവർത്തനങ്ങളിലേർപ്പെട്ട അരഡസനോളം സംഘങ്ങളുണ്ട്. അവരെ ഞാൻ പാർലമെൻറിൽ അയയ്ക്കുന്നില്ല. വോട്ടർമാരെ പ്രബുദ്ധരാക്കുകയും നയിക്കുകയും ചെയ്യുന്നതുവഴി അവർ പാർലമെൻറിനെ നിയന്ത്രിച്ചു നിർത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു.'

'അധികാരം എപ്പോഴും ദുഷിപ്പിക്കുന്നു എന്നാണോ അങ്ങ് പറയുന്നതു്?'

'അതേ.'

ശ്രീ ടെണ്ടുൽക്കറുടെ 'മഹാത്മാ' എന്ന ആധികാരിക ജീവചരിത്രത്തിൽനിന്നുള്ള ഈ ഉദ്ധാരണം നൽകുന്ന സൂചനയും തികച്ചും സ്പഷ്ടം തന്നെ.

രണ്ടു ദിവസം കഴിഞ്ഞു, ജനുവരി 29—ാം തീയതി, കോൺഗ്രസ്സിനു് ഒരു ഭരണഘടന ഗാന്ധിജി എഴുതി തയ്യാറാക്കി. 'രാഷ്ട്രത്തിനു് ഗാന്ധിയുടെ ഒസ്യത്തു്' എന്നു നടപ്പിലാകാതെപോയ ഈ ഭരണഘടന വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ടു്. 'പ്രചരണത്തിനും പാർലമെൻറിലൂടെയുള്ള ഭരണത്തിനും ഒരു മാദ്ധ്യമമെന്ന നിലയിൽ, ഇന്നത്തെ ആകൃതിയിൽ കോൺഗ്രസ്സിനു പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു' എന്നു് ഗാന്ധിജി ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ പറയുന്നു. ഇന്ത്യയിലെ ഏഴു ലക്ഷം ഗ്രാമങ്ങൾ സാമൂഹ്യവും ധാർമികവും സാമ്പത്തികവുമായ സ്വാതന്ത്ര്യം ഇനി നേടേണ്ടതുണ്ടു്. ജനാധിപത്യ ലക്ഷ്യത്തിലേക്കു നീങ്ങുമ്പോൾ, പട്ടാളശക്തിക്കുമേൽ ജനകീയ (സിവിൽ) ശക്തിയുടെ മേൽക്കോയ്മ നിലനിർത്തുന്നതിനുള്ള സമരം ഇന്ത്യയിലും ഉണ്ടായേ കഴിയൂ എന്നു് ഗാന്ധിജി കരുതി. ഇതുപോലെയുള്ള കാരണങ്ങളാൽ എ. ഐ. സി. സി. അന്നത്തെ നിലയിലുള്ള കോൺഗ്രസ് പിരിച്ചുവിടുകയും, സ്വയം ഒരു ജനസേവക സംഘമായി വികസിക്കുകയും വേണമെന്നു് ഗാന്ധിജി നിർദേശിച്ചു. ഈ ലോകസേവക സംഘത്തിനു് ഗാന്ധിജി സങ്കല്പിച്ച ഘടന ഇതാണു്:

അഞ്ചു മുതിർന്ന ഗ്രാമീണ സ്ത്രീപുരുഷന്മാർ വീതം അടങ്ങുന്ന പഞ്ചായത്തു ഘടകം.

അടുത്തടുത്തുള്ള രണ്ടു പഞ്ചായത്തു ഘടകങ്ങൾ ചേർന്നു തെരഞ്ഞെടുക്കുന്ന ഒരു പ്രഥമതല നേതാവു്.

അമ്പതു പ്രഥമതല നേതാക്കൾ ചേർന്നു തെരഞ്ഞെടുക്കുന്ന ഒരു ദ്വിതീയതല നേതാവു്. ഇങ്ങനെ മേൽപോട്ടു് എത്ര തലങ്ങൾ വേണമെങ്കിലുമാകാം.

രാജ്യവ്യാപകമായി സംഘടിപ്പിച്ച ഇരുനൂറു പഞ്ചായത്തുകൾ വീതമടങ്ങുന്ന സമാന്തര ഗ്രൂപ്പുകൾ.

(അന്നു ജില്ലകൾ, സ്റ്റേറ്റുകൾ മുതലായവയുടെ രൂപവല്ക്കരണം പൂർത്തികമായിരുന്നില്ല; അതിനാൽ ജില്ലാ—സ്റ്റേറ്റു തലത്തിലുള്ള സംഘടനയെപ്പററി ഗാന്ധിജി നിർദേശങ്ങൾ നൽകിയില്ല).

ജനസേവക സംഘടനയിലെ അംഗങ്ങൾക്കു് അധികാരം ലഭിക്കുന്നതു്, രാജ്യത്തിനു് അവർ നൽകുന്ന സേവനത്തെ അടിസ്ഥാനമാക്കി മാത്രമായിരിക്കണം. ഈ സംഘടനയിലെ അംഗങ്ങൾക്കു താഴെപ്പറയുന്ന യോഗ്യതകളുണ്ടാകണമെന്നു് ഗാന്ധിജി നിർദേശിച്ചു:

1. ജനസേവകർ തന്നെത്താൻ നൂൽ നൂററു നെയ്ത വസ്ത്രമോ, സർട്ടിഫൈചെയ്ത ഖാദി വസ്ത്രമോ ധരിക്കണം. അവർ മദ്യപിക്കരുതു്. ഹിന്ദുക്കളെങ്കിൽ അവർ ഒരു വിധത്തിലും അയിത്തം ആചരിക്കരുതു്. സ്വ

സമുദായമൈത്രിയിൽ അവർ വിശ്വസിക്കണം. എല്ലാ മതങ്ങളെയും അവർ ബഹുമാനിക്കണം. വർഗം, മതം, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങൾ കൂടാതെ, എല്ലാവർക്കും അവസരസമത്വത്തിൽ അവർ വിശ്വാസം പുലർത്തണം.

2. തങ്ങളുടെ പ്രവർത്തന മേഖലകളിൽപ്പെട്ട ഓരോ ഗ്രാമീണനുമായി അവർ ബന്ധപ്പെടണം.

3. അവർ ഗ്രാമീണരിൽനിന്നു പ്രവർത്തകരെ തെരഞ്ഞെടുത്തു പരിശീലിപ്പിക്കുകയും അവരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും വേണം.

4. അവർ തങ്ങളുടെ ദിനചര്യകൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന ഡയറി സൂക്ഷിക്കണം.

5. കൃഷിയിലൂടെയും കൈത്തൊഴിലുകളിലൂടെയും സ്വയംപര്യാപ്തി നേടുമാറ് അവർ ഗ്രാമങ്ങളെ സംഘടിപ്പിക്കണം.

6. അവർ ഗ്രാമീണരിൽ പരിസരശുചിത്വബോധവും ആരോഗ്യബോധവും വളർത്തണം. ഗ്രാമീണരുടെ അനാരോഗ്യ പരിഹാരത്തിനും രോഗനിവാരണത്തിനും പ്രയത്നിക്കണം.

7. ഗ്രാമീണർക്കു ജനനംമുതൽ മരണംവരെ നീണ്ടുനില്ക്കുന്ന വിദ്യാഭ്യാസം, അടിസ്ഥാന വിദ്യാഭ്യാസ മാതൃകയിൽ അവർ നൽകണം.

8. വോട്ടർപ്പട്ടികയിൽനിന്നു വിട്ടുപോയ യഥാർത്ഥ വോട്ടർമാരുടെ പേരുകൾ അവർ പട്ടികയിൽ ചേർപ്പിക്കണം.

9. വോട്ടുചെയ്യാൻ നിയമപരമായ അധികാരം നേടാത്തവരെ,അതു നേടാൻ പ്രോത്സാഹിപ്പിക്കണം.

10. ഈ പ്രവർത്തനങ്ങൾക്കും, അതതു സമയം നിർദേശിക്കപ്പെടുന്ന ഇത്തരം മറ്റു പ്രവർത്തനങ്ങൾക്കും, അവർ സ്വയം പരിശീലനം നേടുകയും, നിർദിഷ്ടമായ ചുമതല നിറവേററാൻ സദാ സന്നദ്ധരായിരിക്കുകയും വേണം.

ജനസേവകസംഘം ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പണം ഗ്രാമീണരിൽനിന്നും മററുള്ളവരിൽനിന്നുമായി പിരിച്ചെടുക്കണമെന്നും, ഊന്നൽ എപ്പോഴും ദരിദ്രരിൽനിന്നു പൈസകളായി സംഭാവന വാങ്ങുന്നതിലാവണമെന്നുംകൂടി ഗാന്ധിജി നിർദേശിച്ചിട്ടുണ്ട്.

ജനുവരി 30—ാം തീയതി വെടിയേററു വീഴുമ്പോഴും, കോൺഗ്രസ്സിന്റെ ഈ ആദർശരൂപം ഗാന്ധിജിയുടെ മനസ്സിൽ നിഴലോടിയിട്ടുണ്ടാവാം.

ഗാന്ധിജിയുടെ പൈതൃകം അവകാശപ്പെടുകയും, 'കോൺഗ്രസ്' എന്ന പദം തങ്ങളുടെ പേരിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്ന പാർട്ടികൾ, അവയുടെ അംഗങ്ങളും അനുഭാവികളും, ഗാന്ധിജയന്തി കൊണ്ടാടുന്ന ദിവസമെങ്കിലും, രാഷ്ട്രപിതാവിന്റെ ഈ ഒസ്യത്തിനെപ്പററി ഓർത്താൽക്കൊള്ളാം—നാണിച്ചു തല താഴ്ത്താനല്ല, അതിൽനിന്നു പ്രേരണ ഉൾക്കൊണ്ട് അതിലെ ചില നിർദേശങ്ങളെങ്കിലും സ്വന്തം പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കാൻ.

(10 സെപ്റ്റംബർ, 1983)

## 37. രാമരാജ്യം ഇന്ന്

ശ്രീരാമനെപ്പോലെ പ്രജാവത്സലനായ മറെറാരു രാജാവ് ഉണ്ടായിട്ടില്ലെന്ന് ഇന്ത്യക്കാർ വിശ്വസിക്കുന്നു. 'സദ്ഭരണം' എന്ന വാക്കിന്റെ പര്യായമായിട്ടാണ് 'രാമരാജ്യം' എന്ന വാക്ക് ഇന്ത്യയിൽ ഉപയോഗി